# പതിന്നാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 886 29.09.2016 -ൽ മറുപടിക്ക്

## ചേലക്കര മണ്ഡലത്തിലെ ഗ്രൂപ്പ് വില്ലേജാഫീസുകൾ വിഭജിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.യു.ആർ.പ്രദീപ് | ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) തൃശ്ശൂർ ജില്ല- തലപ്പിള്ളി താലൂക്ക് ചേലക്കര നിയോജക മണ്ഡലത്തിന്റെ പരിധിയിൽ എത്ര ഗ്രൂപ്പ് വില്ലേജാഫീസുകൾ ഉണ്ട്; അവയുടെ പേരു വിവരങ്ങൾ വ്യക്തമാക്കാമോ; | (എ) 12 ഗ്രൂപ്പ് വില്ലേജുകൾ. ആയത് ചുവടെ പരാമർശിക്കുന്നു.<br>1. കണിയാർക്കോട്-പാമ്പാടി ഗ്രൂപ്പ് വില്ലേജ്<br>2. എളനാട്-വെണ്ണീർ ഗ്രൂപ്പ്<br>3. കൊണ്ടാഴി- മായന്നൂർ ഗ്രൂപ്പ്<br>4. ചേലക്കര-പുലാക്കോട്-തോന്നൂർക്കര ഗ്രൂപ്പ്<br>5. കുറുമല-പങ്ങാരപ്പിള്ളി ഗ്രൂപ്പ്<br>6. ദേശമംഗലം- പല്ലൂർ ഗ്രൂപ്പ്<br>7. പാഞ്ഞാൾ- പൈങ്കുളം ഗ്രൂപ്പ്<br>8. വെങ്ങാനെല്ലൂർ-കിള്ളിമംഗലം ഗ്രൂപ്പ്<br>9. ചെറുതുരുത്തി-നെടുമ്പുര ഗ്രൂപ്പ്<br>10. വരവൂർ-പിലക്കാട് ഗ്രൂപ്പ്<br>11. മുള്ളൂർക്കര- ആറ്റൂർ ഗ്രൂപ്പ്<br>12. ആറങ്ങോട്ടുകര-തലശ്ശേരി-തിച്ചൂർ ഗ്രൂപ്പ് |
| (ബി) ഗ്രൂപ്പ് വില്ലേജുകളിലെ ആഫീസർമാർക്ക് കടുത്ത ജോലി ഭാരം അനുഭവപ്പെടുന്നതും, സർട്ടിഫിക്കറ്റുകൾ അനുവദിക്കുന്നതിന് കാലതാമസം വരുന്നതും കണക്കിലെടുത്ത് ഗ്രൂപ്പ് വില്ലേജാഫീസുകൾ വിഭജിക്കുന്നതിന് നടപടി സ്വീകരിക്കുമോ;<br>(സി) എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (ബി) & (സി) സംസ്ഥാനത്തെ ഗ്രൂപ്പ് വില്ലേജുകൾ വിഭജിക്കുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. സംസ്ഥാന ത്തിന്റെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിലെ ബുദ്ധിമുട്ട് മൂലം റവന്യൂ വകുപ്പിൽ ഒരു Manpower Assessment നടത്തി പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് ലഭ്യ മാക്കുന്നതിന് ലാൻഡ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ